

# നോമ്പ് ആറാം തിങ്കൾ - യോഹ 12: 44-50

ഈശോയുടെ ആഗമനലക്ഷ്യം പിതാവിനെ വെളിപ്പെടുത്തുകയെന്നതായിരുന്നു. പിതാവിന്റെ വാക്കുകളാണ് ഈശോ സംസാരിച്ചത്. ഇത് പുത്രനായ ഈശോയും പിതാവായ ദൈവവും തമ്മിലുള്ള ആത്മബന്ധം കുറിക്കുന്നു. ഈശോയുടെ അധികാരം ദൈവവുമായുള്ള ഐക്യത്തിൽ നിന്നും സംജാതമാകുന്നതാണ്. നമ്മുടെ അധികാരത്തിന്റെയും ആധികാരികതയുടെയും ഉറവിടം ദൈവസഹോദരസ്നേഹമായിരിക്കട്ടെ. അന്ധകാരത്തിലിരിക്കുന്നവരെ അവിടുന്ന് പ്രകാശത്തിലേക്ക് നയിച്ചതുപോലെ നമ്മുടെ സഹോദരങ്ങളെ നന്മയുടെ പാതയിലേക്ക് കൈപിടിച്ചുനടത്താം.  അതിന്, പ്രകാശമായ മിശിഹായുടെ കാലടികളെ പിഞ്ചെന്ന് നമ്മിലെ പാപത്തിന്റെയും അജ്ഞതയുടെയും  അന്ധകാരശക്തികളെ നിർമാർജ്ജനം ചെയ്യാൻ നോമ്പുകാലത്ത് പരിശ്രമിക്കാം.

ആരാധനക്രമകമ്മീഷൻ

മൗണ്ട് സെന്റ് തോമസ് കാക്കനാട്        Read more:www.syromalabarliturgy.org